പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ.249

20.03.2015 ൽ
മറുപടിക്ക്

# നദികളെക്കുറിച്ചുള്ള ഗവേഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി.എൻ. പ്രതാപൻ<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ. സണ്ണി ജോസഫ് : | ശ്രീ . അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | നദികളെക്കുറിച്ചുള്ള ഗവേഷണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (ബി), (സി), & (ഡി) | നദികളുടെ സംരക്ഷണം ലക്ഷ്യമാക്കി ഗവേഷണം, ട്രെയിനിംഗ് ഇവ ശാസ്ത്രീയമായി നടത്തുന്നതിനായി റവന്യൂ വകുപ്പിനു കീഴിൽ റിവർ മാനേജ്മെന്റ് റിസർച്ച് ആന്റ് ട്രെയിനിംഗ് സെന്റർ എറണാകുളം ആസ്ഥാനമായി സ്ഥാപിക്കുന്നതിന് തത്വത്തിൽ അംഗീകരിച്ചും എറണാകുളം ജില്ലാ കളക്ടറെ പ്രസ്തുത സെന്റർ നടപ്പിൽ വരുത്തുന്നതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതിനുമായി ചുമതലപ്പെടുത്തി 04.12.14 ലെ സ.ഉ.(എം.എസ്) 503/14/റവ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ തൃക്കാക്കര നോർത്ത് വില്ലേജിൽ ബ്ലോക്ക് 5 ൽ റീസർവ്വേ 82/1-ൽപ്പെട്ട 43.75 ആർ സ്ഥലം ഈ ആവശ്യത്തിനായി കണ്ടെത്തിയിട്ടുണ്ട്. Detailed Project Report (DPR) തയ്യാറാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. |
| (സി) | എന്തെല്ലാം പ്രവർത്തനങ്ങളാണ് പദ്ധതിയുടെ ഭാഗമായി നടത്തുന്നത് ; | | |
| (ഡി) | പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | | |

സെക്ഷൻ ഓഫീസർ